ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

TIME: 12.30 PM

പ്രധാന വാർത്തകൾ

DATE: 22.02.2026

1. നിർമ്മിതബുദ്ധിയുടെ ശക്തി ഭാവിയിൽ ലോകം എങ്ങനെ ഉപയോഗിക്കുമെന്നതിന്റെ തെളിവായിരുന്നു എഐ ഇംപാക്ട് ഉച്ചകോടിയെന്ന് മൻകിബാത്തിന്റെ 131-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായ ആലിൻ ഷെറിൻ എബ്രഹാമിനെ മൻ കി ബാതിൽ അനുസ്മരിച്ചു; രാജ്യത്ത് അവയവദാനത്തെക്കുറിച്ചുള്ള അവബോധം വർദ്ധിക്കുന്നതായി പ്രധാനമന്ത്രി.

3. കർഷകർ ഭൂമിയുടെ യഥാർത്ഥ പരിപാലകരെന്ന് പ്രധാനമന്ത്രി; തൃശ്ശൂർ ജില്ലയിലെ നെൽവയൽ കൃഷിയെകുറിച്ചും മൻ കി ബാത്തിൽ പരാമർശം.

4. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനഃരാരംഭിക്കും.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- മുംബൈ സിറ്റി പോരാട്ടം.

***************************************************************

RNU TVPM

## മൻ കി ബാത് - എ ഐ

നിർമ്മിതബുദ്ധിയുടെ ശക്തി ഭാവിയിൽ ലോകം എങ്ങനെ ഉപയോഗിക്കുമെന്നതിന്റെ തെളിവായിരുന്നു ന്യൂഡൽഹിയിൽ നടന്ന ഗ്ലോബൽ എഐ ഇംപാക്ട് ഉച്ചകോടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 131-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉച്ചകോടിയുടെ ഭാഗമായി നിരവധി ലോകനേതാക്കളുമായി കൂടിക്കാഴ്ച നടത്തിയതായും അദ്ദേഹം അറിയിച്ചു. ഉച്ചകോടിയിലെ രണ്ട് ഉൽപ്പന്നങ്ങൾ ലോകമെമ്പാടുമുള്ള നേതാക്കളെ വളരെയധികം ആകർഷിച്ചതായും ശ്രീ മോദി വ്യക്തമാക്കി.

*************************

## മൻ കി ബാത് - കളിക്കാർ

RNU TVPM

ടി-20 ലോകകപ്പ് മത്സരങ്ങളിലെ ഭാരതീയരെ മൻ കി ബാത്തിൽ പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. പഞ്ചാബ് സ്വദേശിയും കനേഡിയൻ ടീം ക്യാപ്റ്റനുമായ ദിൽപ്രീത് ബാജ്വ ഉൾപ്പെടെയുള്ളവരെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. ന്യൂസിലാൻഡ്, യുഎഇ, ഇറ്റലി എന്നീ ടീമുകളിലെ ഇന്ത്യൻ വംശജരായ കളിക്കാരെയും അദ്ദേഹം എടുത്തുപറഞ്ഞു. ഭാരതീയർ മറ്റു രാജ്യങ്ങളിലെ യുവാക്കൾക്കും പ്രചോദനമായി മാറുകയാണെന്നും ശ്രീ മോദി മൻകിബാത്തിൽ പറഞ്ഞു.

*************************

## മൻ കി ബാത് - ആലിൻ (ഇൻട്രോ)

രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാക്കളുടെ പട്ടികയിൽ ഇടം നേടിയ ആലിൻ ഷെറിൻ എബ്രഹാമിനെ മൻ കി ബാത്തിൽ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ആലിന്റെ മാതാപിതാക്കളുടെ വേദന വാക്കുകൾക്ക് അതീതമാണെന്നും എന്നാൽ അവരുടെ തീരുമാനം ഓരോ

ഭാരതീയന്റെയും ഹൃദയത്തിൽ ബഹുമാനം നിറച്ചതായും അദ്ദേഹം പറഞ്ഞു. അവയവദാനം, അവരുടെ ഉയർന്ന ചിന്തയുടെയും വ്യക്തിത്വത്തിന്റെയും അടയാളമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഭാരതത്തിൽ അവയവദാനത്തെക്കുറിച്ചുള്ള അവബോധം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവാണ് ആലിൻ. പത്തനംതിട്ടയിൽ ഈ മാസം 5 നുണ്ടായ വാഹനാപകടത്തെ തുടർന്ന് ചികിത്സയിൽ ഇരിക്കെ മസ്തിഷ്ക മരണം സംഭവിച്ച ആലിന്റെ കരളും, വൃക്കകളും, ഹൃദയവാൽവും, നേത്രപടലങ്ങളുമാണ് ദാനം ചെയ്തത്.

(ഹോൾഡ് വോയിസ്)

അവയവദാനത്തിലൂടെ പുതുജീവൻ ലഭിച്ച ഡൽഹി സ്വദേശിനി ലക്ഷ്മി ദേവി, പശ്ചിമ ബംഗാൾ സ്വദേശി ഗാരാംഗ് ബാനർജി, രാജസ്ഥാനിലെ രാംദേവ് സിംഗ് എന്നിവരെയും അദ്ദേഹം എടുത്തു പറഞ്ഞു.
*************************

RNU TVPM

## മൻ കി ബാത് - രാജാജി ഉത്സവ്

നാളെ രാഷ്ട്രപതി ഭവനിൽ 'രാജാജി ഉത്സവ് ആഘോഷിക്കുമെന്നും, രാഷ്ട്രപതിഭവനിൽ സി. രാജഗോപാലാചാരിയുടെ പ്രതിമ അനാച്ഛാദനം ചെയ്യുമെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഭാരതീയ ഗവർണർ ജനറലായിരുന്നു സി. രാജഗോപാലാചാരി. രാഷ്ട്രപതി ഭവനിൽ സ്ഥാപിച്ചിട്ടുള്ള ബ്രിട്ടീഷ് ശില്പി എഡ്‌വിൻ ലറ്റിയൻസിന്റെ പ്രതിമയ്ക്ക് പകരം രാജാജിയുടെ പ്രതിമ സ്ഥാപിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*************************

## മൻ കി ബാത്-ഡിജിറ്റൽ അറസ്റ്റ്+കെവൈസി (ഇൻട്രോ)

Digital Arrestനെപ്പറ്റിയും Digital Fraud-നെപ്പറ്റിയും സമൂഹത്തിൽ കാര്യമായ അവബോധം ഉണ്ടായിട്ടുണ്ടെങ്കിലും ഇത്തരം സംഭവങ്ങൾ ഇപ്പോഴും നമ്മുടെ ചുറ്റും നടക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. എല്ലാവരും KYC-Know Your Customer പ്രക്രിയയെക്കുറിച്ച് ബോധവാന്മാരായിരിക്കണമെന്നും ശ്രീ മോദി പറഞ്ഞു. ബാങ്ക് ശാഖയിലൂടെയോ ഓദ്യോഗിക ആപ്പിലൂടെയോ അംഗീകൃത മീഡിയത്തിലൂടെയോ മാത്രമേ KYC അല്ലെങ്കിൽ re-KYC ചെയ്യാവൂ എന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.

(ഹോൾഡ് വോയ്സ്.........)

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അടുത്തിടെ ഈ വിഷയങ്ങളിൽ ഒരു സാമ്പത്തിക സാക്ഷരതാ വാരം സംഘടിപ്പിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

RNUTVPM

*************************

## മൻ കി ബാത് - കർഷകർ - പ്രധാനമന്ത്രി

നമ്മുടെ കർഷകർ വെറും ഭക്ഷ്യ ദാതാക്കൾ മാത്രമല്ല അവർ ഭൂമിയുടെ യഥാർത്ഥ പരിപാലകരാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കേവലം ഉൽപാദനത്തിൽ മാത്രമല്ല, ഗുണനിലവാരത്തിലും, മൂല്യ വർധനവിലും, പുതിയ വിപണികളിലും കർഷകർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പരമ്പരാഗത കൃഷി, പച്ചക്കറികൾ - പഴങ്ങൾ - മത്സ്യകൃഷി എന്നിവ ഒരിടത്തു തന്നെചെയ്യുന്ന ഒഡീഷയിലെ ഹിരോദ് പട്ടേൽ എന്ന യുവകർഷകനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. കാർഷിക ഉൽപ്പന്നങ്ങൾ ഇപ്പോൾ

വിമാനമാർഗത്തിലൂടെയും എളുപ്പത്തിൽ വിദേശ രാജ്യങ്ങളിൽ എത്തുന്നുതായും ശ്രീ മോദി പറഞ്ഞു. കർണ്ണാടകയിലെ നഞ്ചൻഗുഡ് വാഴപ്പഴം, മൈസുരു വെറ്റില, ഇൻഡി നാരങ്ങ എന്നിവ മാലിദ്വീപിലേക്ക് കയറ്റി അയച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി.

*************************

## മൻ കി ബാത് - തൃശൂർ - നെൽ

ലോകത്തിലെ ഏറ്റവും വലിയ അരി ഉൽപ്പാദക രാജ്യമായി ഇന്ത്യ മാറിയതായി പറഞ്ഞ പ്രധാനമന്ത്രി തൃശൂർ ജില്ലയിൽ, ഒരു വയലിൽ 570 ഇനം നെൽ കൃഷി ചെയ്യുന്നതായും പരാമർശിച്ചു. പ്രാദേശിക ഇനങ്ങൾ, ഔഷധ ഇനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഇനങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ഈ രീതി കൃഷി മാത്രമല്ല, വിത്തുകളുടെ പൈതൃകം സംരക്ഷിക്കുന്നതിനുള്ള ഒരു വലിയ പ്രചാരണം കൂടിയാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*************************

RNUTVPM

## മൻ കി ബാത് - മഹാ മാഘ (ഇൻട്രോ)

ഭാരതപ്പുഴയുടെ തീരത്ത് നടന്ന, കേരള കുംഭമേള എന്ന് അറിയപ്പെടുന്ന മഹാ മാഘ മഹോത്സവവും മൻ കി ബാത്തിൽ ഇടം നേടി. വാമൊഴിയായി അറിഞ്ഞു ആയിരക്കണക്കിന് ഭക്തർ തിരുനാവായയിൽ എത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. ഇത് കേവലം സ്നാനം ചെയ്യുന്നതിന്റെ ഉത്സവമല്ല ഓർമ്മയുടെ ഉണർവാണ് എന്നും അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

*************************

## മൻ കി ബാത് - ജയലളിത

തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയ്ക്കൊപ്പം ഉള്ള കൂടിക്കാഴ്ചയും സംഭാഷണങ്ങളും ഓർത്തെടുത്ത പ്രധാനമന്ത്രി അവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഈ മാസം 24 നാണ് ജയലളിതയുടെ ജന്മവാർഷികം. സ്ത്രീകൾക്ക് വേണ്ടി ജയലളിത നിരവധി പദ്ധതികൾ ആവിഷ്കരിച്ചതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

*************************

## മൻ കി ബാത് - കുട്ടികൾ

ഈ മാസത്തെ പരീക്ഷ പേ ചർച്ച്'യെപ്പറ്റി പരാമർശിച്ച പ്രധാനമന്ത്രി കുട്ടികൾ ഒറ്റയ്ക്കല്ലെന്നും അവരുടെ മൂല്യം മാർക്ക് ഷീറ്റിലുടെ നിർണ്ണയിക്കപ്പെടുന്നില്ല എന്നും അഭിപ്രായപ്പെട്ടു. സ്വയം വിശ്വസിക്കണമെന്നും മാതാപിതാക്കളും അധ്യാപകരും അവരെ വിലയിരുത്തുന്നത് മാർക്കിലൂടെയല്ല, മറിച്ച് പരിശ്രമത്തിലൂടെയാണ് എന്നും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

*************************

RNUTVPM

## മൻ കി ബാത് - റമദാൻ - ഹോളി

പുണ്യമാസമായ റമദാൻ-ഹോളി ആശംസകൾ നേർന്നാണ് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ ഈ പതിപ്പ് അവസാനിപ്പിച്ചത്. ആഘോഷങ്ങളിലും ഉത്സവങ്ങളിലും പ്രാദേശിക ഉത്പനങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. നാം സ്വദേശി ഉത്പന്നങ്ങൾ വാങ്ങുമ്പോൾ, രാജ്യത്തെ സ്വയംപര്യാപ്തമാക്കാനുള്ള ശ്രമങ്ങളിൽ പങ്കാളിയാകുകയാണ് എന്നും മൻകിബാത്തിൽ പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

*************************

## നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനഃരാരംഭിക്കും. ചോദ്യോത്തരവേളയ്ക്ക് ശേഷം ഉച്ചയ്ക്ക് ഒരു മണി മുതൽ രണ്ട് മണി വരെ 2025 -26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിൻമേൽ ചർച്ച നടക്കും. ഈ മാസം 27 വരെ ചേരുന്ന സഭ പിന്നീട് മാർച്ച് നാലിന് വീണ്ടും സമ്മേളിക്കും.
*************************

**മഴ**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തെക്കൻ ജില്ലകളിൽ ഇന്നലെ വേനൽ മഴയെത്തി. പത്തനംതിട്ട കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.
*************************

RNUTVPM

**ഐഎസ്എൽ ഫുട്ബോൾ**

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്- മുംബൈ സിറ്റി മത്സരം ഇന്ന് രാത്രി 7.30ന് കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കും. ഇതോടനുബന്ധിച്ച് നഗരത്തിൽ കർശന ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കാണികൾക്കായി പ്രത്യേക പാർക്കിംഗ് കേന്ദ്രങ്ങളും യാത്രാ ക്രമീകരണങ്ങളും നിശ്ചയിച്ചു. രാത്രി 11.30 വരെ മെട്രോ സർവീസ് നടത്തും.
*************************

**എസ് ഐ ആർ - സംസ്ഥാനം**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. electoralsearch.eci.gov.in എന്ന വെബ്സൈറ്റിലൂടെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാം. നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിക്കുന്ന സമയം വരെ ഇനിയും പുതിയ വോട്ടർമാർക്കു പേര് ചേർക്കാൻ അവസരമുണ്ട്. കേരളം ഉൾപ്പെടെ 5 സംസ്ഥാനങ്ങളിലെ വോട്ടർ പട്ടികയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പുറത്തിറക്കിയത്.

**************************

## ശബരിമല - സ്വർണ്ണ അപഹരണ കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് കെ.ടി ശങ്കരന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ആറന്മുള സ്ട്രോങ്ങ് റൂമിൽ വീണ്ടും പരിശോധനയ്ക്കെത്തി. ഇന്നലെ മുതൽ പരിശോധന തുടരുന്നതായാണ് വിവരം. പരിശോധന മറ്റന്നാൾ വരെ തുടരും.

RNU TVPM

*

**********

*****************************************